# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6802** **10/07/2014-ൽ മറുപടിക്ക്**

## ആലപ്പുഴ ജില്ലാ ഡ്രഗ്ഗ് വെയർ ഹൗസ്

**ചോദ്യം**

**ശ്രീ. ജി. സുധാകരൻ**

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | ആലപ്പുഴ ജില്ലാ ഡ്രഗ്ഗ് വെയർ ഹൗസ് ഇപ്പോൾ എവിടെയാണ് സ്ഥിതി ചെയ്യുന്നത് ; | (എ) | നിലവിൽ കോർപ്പറേഷന് ആലപ്പുഴയിൽ രണ്ട് ഡ്രഗ്ഗ് വെയർഹൗസുകളാണ് ഉള്ളത്. ഒരെണ്ണം ആലപ്പുഴ ജനറൽ ആശുപത്രിയിലും മറ്റൊന്ന് കുന്നന്താനത്തുള്ള സി.ഡബ്ല്യു.സി. വെയർഹൗസുമാണ്. |
| (ബി) | ആലപ്പുഴ വണ്ടാനത്ത് പുതിയ വെയർഹൗസ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദമാക്കാമോ ; | (ബി) | വെയർഹൗസിന്റെ ചുറ്റുമതിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എന്നാൽ വെയർഹൗസ് നിർമ്മാണത്തിനായി ടെൻഡർ ഏറ്റെടുത്തിരുന്ന കോൺട്രാക്ടർ യഥാസമയം പണി ആരംഭിക്കാത്തതിനാൽ പ്രസ്തുത ടെൻഡർ റദ്ദാക്കുകയാണുണ്ടായത്. ആയതിനാൽ പുതുതായി ഒരു ടെൻഡർ ക്ഷണിച്ച് ഒരു സിംഗിൾ ഏജൻസിയെക്കൊണ്ട് പണി തുടങ്ങിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ആലപ്പുഴ ജില്ലാ ഡ്രഗ്ഗ് വെയർഹൗസ് എന്നത്തേയ്ക്ക് വണ്ടാനത്തേക്ക് മാറ്റി സ്ഥാപിക്കാൻ കഴിയും ; വ്യക്തമാക്കുമോ ; | (സി) | ടെൻഡർ നടപടികൾ പൂർത്തിയാക്കിയാൽ ഒരു വർഷത്തിനകം പണിപൂർത്തിയാക്കി ആലപ്പുഴ ജില്ലാ വെയർഹൗസ് വണ്ടാനത്തേയ്ക്ക് മാറ്റാനാകും എന്നു പ്രതീക്ഷിക്കുന്നു. |
| (ഡി) | ആലപ്പുഴ ജില്ലാ ഡ്രഗ്ഗ് വെയർ ഹൗസ് കെട്ടിടം പണി പൂർത്തിയാകുന്നതുവരെ വെയർ ഹൗസ് ആലപ്പുഴ ജില്ലയിൽ സൗകര്യപ്രദമായ സ്ഥലത്ത് വാടകയ്ക്ക് കെട്ടിടമെടുത്ത് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | ആലപ്പുഴ ജനറൽ ആശുപത്രിയിലുള്ള കോർപ്പറേഷന്റെ വെയർഹൗസിൽ സ്ഥലം തികയാതെ വന്ന സാഹചര്യത്തിൽ സൗകര്യപ്രദമായ പുതിയ സ്ഥലം അന്വേഷിക്കുകയും, ഒരു സിംഗിൾ ലൊക്കേഷനിൽ ലഭ്യമാകാതെ വന്ന സമയത്ത് ഹരിപ്പാട്, ചെന്നിത്തല എന്നിവിടങ്ങളിലുള്ള രണ്ട് എസ്.ഡബ്ല്യു.സി. വെയർഹൗസുകളിൽ സ്ഥലം ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ ഇവിടങ്ങളിൽ നിന്നുള്ള മരുന്നു വിതരണം ബുദ്ധിമുട്ടായതിനാൽ ഒരു സിംഗിൾ ലൊക്കേഷനായ കുന്നന്താനത്ത് ഒരു കെട്ടിടം ഏറ്റെടുത്ത് റാക്കിംഗ്, ഓഫീസ് തുടങ്ങിയ നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. പ്രസ്തുത ലൊക്കേഷൻ വീണ്ടും മാറ്റണമെങ്കിൽ പുതിയ സ്ഥലത്ത് റാക്കിംഗ്, ഓഫീസ് തുടങ്ങിയവ വീണ്ടും ക്രമീകരിക്കേണ്ടി വരികയും അതിനായി ചിലവാകുന്ന തുക വീണ്ടും നഷ്ടമാകുകയും ചെയ്യും. തന്നെയുമല്ല നിലവിലുള്ള റാക്കുകളിൽ മരുന്നുകൾ സ്റ്റോക്ക് ചെയ്തിരിക്കുന്നതിനാൽ റാക്കുകൾ മാറ്റുന്നതിനും ബുദ്ധിമുട്ടുണ്ട്. |

സെക്ഷൻ ഓഫീസർ